

● ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃക്കാക്കര ഭാരതമാതാ കോളജിൽ ചലച്ചിത്ര താരവും സംസ്ഥാന തിരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ്പ് ഐക്കണുമായ ടൊവീനോ തോമസ് നിർവഹിക്കുന്നു. ഭാരതമാതാ കോളജ് പ്രിൻസിപ്പൽ ഡോ. കെ.എം ജോൺസൻ, ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ, ഭാരത മാതാ കോളജ് ഡയറക്ടർ ഫാ. എബ്രഹാം ഒലിയപുറത്ത്, മലപ്പുറം കലക്ടർ വി.ആർ. വിനോദ് എന്നിവർ സമീപം.

# തിരഞ്ഞെടുപ്പുകൾ ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരം: ടോവിനോ തോമസ്

കൊച്ചി; തിരഞ്ഞെടുപ്പുകളിൽ വിവേകപൂർവ്വം വോട്ടവകാശം വിനിയോഗിക്കുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും നമ്മുടെ ഭാവി സുരക്ഷിതമാക്കുന്നതിനുമുള്ള സുവർണ്ണാവസരം ആണെന്ന് ചലച്ചിത്ര താരവും തിരഞ്ഞെടുപ്പ് വകുപ്പിന്റെ സ്വീപ് ഐക്കണുമായ ടോവിനോ തോമസ് പറഞ്ഞു.

എറണാകുളം തൃക്കാക്കര ഭാരത് മാതാ കോളേജിൽ ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കാനാണ് ദേശീയ സമ്മതിദാന ദിനം ആഘോഷിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

ചടങ്ങിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിന്റെ ദേശീയ സമ്മതിദാന സന്ദേശ വീഡിയോ പ്രദർശിപ്പിച്ചു.

ടൊവീനോ തോമസ് ദേശീയ സമ്മതിദായക പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മികച്ച ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കുള്ള പുരസ്കാരം ചടങ്ങിൽ വിതരണം ചെയ്തു. തൃശ്ശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ, മലപ്പുറം ജില്ലാ കളക്ടർ വി. ആർ വിനോദ്, കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിങ് എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. തൃശൂർ കളക്ടർ കൃഷ്ണ തേജയുടെയും കോഴിക്കോട് കളക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെയും അഭാവത്തിൽ യഥാക്രമം സബ് കളക്ടർമാരായ മുഹമ്മദ് ഷെഫീഖ്, ഹർഷിൽ ആർ മീണ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.